



***ബാബയുടെ മഹാസമാധി***

*മുൻകൂട്ടിയുള്ള സൂചന - രാമചന്ദ്ര ദാദാ പട്ടേലിനെയും താത്ത്യാക്കോട്ടെ പട്ടേലിനെയും മരണത്തിൽ നിന്നൊഴിവാക്കൽ -ലക്ഷ്മിബായി ഷിൻഡെക്ക് ധർമ്മം കൊടുക്കൽ-അന്ത്യനിമിഷം.*

## മുഖവുര

മുൻ അദ്ധ്യായത്തിൽ വിവരിച്ച കഥകൾ കാണിക്കുന്നത് ഗുരുവിന്റെ അനുഗ്രഹമാകുന്ന വെളിച്ചമുണ്ടായാൽ സംസാര ജിവിതത്തിലെ ഭയം നീങ്ങുമെന്നും മുക്തിമാർഗ്ഗം തുറന്ന് തന്ന് നമ്മുടെ കഷ്ടതകളെ ആനന്ദമാക്കിമാറ്റുമെന്നാണ്. നീ സദാ സദ്ഗുരുപാദങ്ങളെ സ്മരിച്ചാൽ നമ്മുടെ കഷ്ടതകളവസാനിക്കുകയും, മരണഭയം നീങ്ങുകയും, സംസാരദുഃഖം ഇല്ലതാവുകയും ചെയ്യുന്നു. അതുകൊണ്ട് അവനവന്റെ ക്ഷേമത്തിൽ ശ്രദ്ധിക്കുന്നവർ സായീനാഥന്റെ ഈ കഥകളെ ശ്രദ്ധാപൂർവ്വം ധരിച്ച് അവരുടെ മനസ്സ് ശുദ്ധീകരിക്കട്ടെ.

തുടക്കത്തിൽ ഹേമദ്പാന്ത് ഡോക്ടർ പണ്ഡിറ്റിന്റെ

ആരാധനയും ത്രിപുണ്ഢ്റം തൊടീച്ചതും പറയുന്നു. ഇത് 11-ാം അദ്ധ്യായത്തിൽ പ്രതിപാദിച്ചിരിക്കയാൽ ഇവിടെ ആവർത്തിക്കുന്നില്ല.

## മുൻകൂട്ടിയുള്ള സൂചന

വായനക്കാർ ഇതുവരെ കേട്ടത് ബാബയുടെ ജീവിതകഥകളാണ്. ഇനി അവർ ശ്രദ്ധാപൂർവ്വം ബാബയുടെ അന്ത്യയാത്രയെപ്പറ്റി കേൾക്കട്ടെ. 1918 സപ്തംബർ 28-ാം തിയ്യതി ബാബക്ക് ചെറിയ ഒരു ജ്വരബാധയുണ്ടായി. ജ്വരം രണ്ടോ മൂന്നോ ദിവസങ്ങളോളമെ ഉണ്ടായിരുന്നുള്ളുവെങ്കിലും, അതിനുശേഷം ബാബ ഭക്ഷണം ഉപേക്ഷിച്ചതുകൊണ്ട് കൂടെക്കൂടെ ക്ഷീണിതനായി തീർന്നു. 17-ാം ദിവസം അതായത് 1918 ഒക്ടോബർ 15-ാം തിയ്യതി ചൊവ്വാഴ്ച വൈകുന്നേരം ബാബ ഇഹലോകവാസം വെടിഞ്ഞു. ഇതിന് രണ്ട് കൊല്ലങ്ങൾക്ക് മുമ്പ്, അതായത് 1916ൽ ബാബ തന്റെ അന്ത്യത്തെപറ്റി സൂചന നൽകിയിരുന്നെങ്കിലും ആരും അതത്രകണക്കാക്കിയില്ല. അത് ഇപ്രകാരമാണുണ്ടായത്. വിജയദശമി (ദസറ) ദിവസം ആളുകൾ “സീമാലംഘൻ” (ഗ്രാമാർത്തി കടക്കൽ) എന്ന ചടങ്ങ് കഴിഞ്ഞ് മടങ്ങിവരുമ്പോൾ ബാബയെ അത്യധികം കോപിഷ്ഠനായികണ്ടു. ബാബ തലക്കെട്ടും കഫ്നിയും ലങ്കോട്ടിയും എല്ലാം അഴിച്ച് മുന്നിലുള്ള ധുനിയിലിട്ട് ദഹിപ്പിച്ചു. ഇത് കത്തിപിടിച്ച് ധുനിയിലെ അഗ്നി പ്രകാശിക്കുകയും ചെയ്തു. ബാബ പൂർണ്ണ നഗ്നനായി കണ്ണ് തീക്കനൽ പോലെ ജ്വലിപ്പിച്ച് അലറി. “എടാ കൊള്ളരുതാത്തവരെ, ഇപ്പോൾ വന്നു നോക്കിൻ, ഞാൻ മുസ്ലീമോ ഹിന്ദുവോ എന്ന്”. എല്ലാവരും ഭയപ്പെട്ടു വിറച്ചു. ഒരുത്തനും ബാബയെ സമീപിക്കാൻ ധൈര്യം വന്നില്ല. കുറെക്കഴിഞ്ഞപ്പോൾ കുഷ്ഠരോഗിയും ഭക്തനുമായ ഭാഗോജിഷിൻഡെ ഒരുവിധം ധൈര്യമവലംബിച്ച് ബാബയെ





സമീപിച്ച് ഒരുലങ്കോട്ടി കെട്ടികൊടുക്കുന്നതിൽ വിജയിച്ചു. എന്നിട്ട് "ബാബ! എന്താണിതൊക്കെ. ഇന്ന് സീമാലംഘൻ ആണ്. ദസറ ദിവസം" എന്നു പറഞ്ഞു. ബാബ സത്ക്കകൊണ്ട് നില ത്തടിച്ചു പറഞ്ഞു: "ഇത് എന്റെ സീമാലംഘനമാണ്". (അതിർത്തി കടക്കൽ) രാത്രി 11 മണിവരെ ബാബയുടെ കോപം അടങ്ങിയില്ല. അന്നുരാത്രി ചാവടി എഴുന്നള്ളിപ്പുതന്നെ ഉണ്ടാ കുമോ എന്ന് ജനങ്ങൾ സംശയിച്ചു. ഒരു മണിക്കൂർ കഴിഞ്ഞ് ബാബ വസ്ത്രങ്ങൾധരിച്ച് മുമ്പ് വിവരിച്ചപോലെ ചാവടി എഴു ന്നള്ളത്തിന് തയ്യാറായി. ഈ സംഭവംകൊണ്ട് ബാബ തന്റെ അതിർത്ഥി കടക്കൽ (ജീവാവസാനം) ദസറ സമയത്താണെന്ന് സൂചിപ്പിച്ചതായിരുന്നു. ആർക്കും അന്നതിന്റെ സാരം മനസ്സിലാ യില്ല. ബാബ മറ്റൊരു സൂചനയുംകൂടെ താഴെപറയും പ്രകാരം തരുകയുണ്ടായി.

## രാമചന്ദ്രപട്ടേലിന്റെയും താത്ത്യാപട്ടേലിന്റെയും മരണം ഒഴി വാക്കൽ

ഇതു കഴിഞ്ഞ് കുറച്ചു ദിവസം കഴിഞ്ഞപ്പോൾ രാമചന്ദ്ര പട്ടേലിന് കലശലായ രോഗം പിടിപെട്ടു. അയാൾ വല്ലാതെ കഷ്ട പ്പെട്ടു. പല മരുന്നുകളും പ്രയോഗിച്ച് ഫലമില്ലാതെ നിരാശനായി അന്ത്യനിമിഷവും കാത്ത് കിടക്കുകയായിരുന്നു. ഒരു രാത്രി പെട്ടെന്ന് ബാബ അയാളുടെ കിടക്കക്കരികിൽ വന്നതായി കണ്ടു. പട്ടേൽ ബാബയുടെ പാദങ്ങൾ പിടിച്ച് "എനിക്ക് ജീവിതത്തി ലുള്ള ആശ നഷ്ടപ്പെട്ടു കഴിഞ്ഞു. ഞാൻ എപ്പോൾ മരിക്കു മെന്ന് പറഞ്ഞുതരണം" എന്നപേക്ഷിച്ചു. കരുണാനിധിയായ ബാബ പറഞ്ഞു നിനക്ക് വേഗം സുഖപ്പെടും. പക്ഷെ എനിക്ക് താത്ത്യയെക്കുറിച്ചാണ് ഭയം. അവൻ 1840 ശാകമാസത്തിലെ വിജ യദശമി ദിവസം മരിക്കും. ഇതാരോടും പ്രത്യേകിച്ച് അവനോട്

പറയരുത്, അവൻ ഭയപ്പെട്ടുപോകും". രാമചന്ദ്രദാദക്ക് സുഖപ്പെട്ടു. പക്ഷെ അയാൾ താത്ത്യയുടെ ജീവനെപ്പറ്റി ദുഃഖിതനായി. ബാബയുടെ വാക്കുകൾക്ക് വ്യത്യാസമില്ലെന്നും താത്ത്യ രണ്ടു കൊല്ലത്തിനുള്ളിൽ മരിച്ചുപോകുമന്നും അയാൾക്കുറപ്പാണ്. ഇതാരോടും അയാൾ പറഞ്ഞില്ല. പക്ഷെ ഒരു തുന്നൽപണിക്കാരനും ഭക്തനുമായ ബാലഷിംപിയോട് മാത്രം പറഞ്ഞു. അങ്ങനെ രാമചന്ദ്രദാദയും ബാലഷിംപിയും മാത്രം താത്ത്യയുടെ കാര്യത്തിൽ ഭയപ്പെട്ടുകൊണ്ടിരുന്നു.

രാമചന്ദ്രദാദക്ക് സുഖപ്പെട്ടുവെന്നു പറഞ്ഞുവല്ലോ. സമയം ക്ഷണത്തിൽ പോയ്ക്കൊണ്ടിരുന്നു. 1840-ാംമാണ്ട് ശക വർഷത്തിലെ ഭദ്രപാദമാസം കഴിഞ്ഞ് അശ്വനിമാസം തുടങ്ങി. ബാബ പറഞ്ഞതുപോലെ താത്ത്യാ രോഗ ബാധിതനായി അതുകൊണ്ട് ബാബയുടെ ദർശനത്തിനുവേണ്ടി വരാൻ കഴിയാതെയായി. ബാബക്ക് ജ്വരബാധായായും കിടപ്പിലായി. താത്ത്യക്ക് ബാബയിലും ബാബക്ക് തന്റെ രക്ഷി താവായ ഭഗവാൻ ഹരിയിലും പൂർണ്ണ വിശ്വാസമാണ്. താത്ത്യയുടെ രോഗം വളരെവളരെ മൂർച്ഛിച്ച് ഇളകാൻ വയ്യാതെയായി. എങ്കിലും അയാൾ സദാ ബാബയെതന്നെ സ്മരിച്ചുകിടന്നു. ബാബയുടെ സ്ഥിതിയും ഇതേപോലെ മോശപ്പെട്ടുകൊണ്ടിരുന്നു. നിർദ്ദിഷ്ട ദിവസമായ വിജയദശമി അടുക്കാൻ തുടങ്ങി. രാമചന്ദ്രദാദായും ബാലഷിംപിയും താത്ത്യയെക്കുറിച്ച് അത്യധികം ഭയപ്പെട്ടുകൊണ്ടിരുന്നു. അവർ ഭയപ്പെട്ട് ശരീരം വിറച്ചും വിയർത്തും ബാബ പറഞ്ഞ പ്രകാരം താത്ത്യയുടെ മരണം അടുത്തു വരുന്നത് കണ്ടുകൊണ്ടിരുന്നു. വിജയദശമി ദിവസം പുലർന്നു. താത്ത്യയുടെ നാഡിമിടിപ്പ് നിലച്ചുകൊണ്ടിരിക്കയാണ്. മരണം അടുത്തടുത്ത് വരുന്നു. പക്ഷെ ഒരു പ്രത്യേകത സംഭവിച്ചു. താത്ത്യജീവിക്കുകയും പകരം ബാബ തന്നെത്തന്നെ മരണത്തിന് കൊടുക്കുകയും

ചെയ്തു. അത് ശരിക്കും ഒരു ഒത്തുമാറ്റമായിരുന്നു. ജനങ്ങളെല്ലാം ബാബ, താത്ത്യക്കുവേണ്ടി ജീവൻ കൊടുത്തു എന്നു പറഞ്ഞു. എന്തിനാണ് ബാബ അങ്ങിനെ ചെയ്തത്? ബാബയുടെ മാർഗ്ഗങ്ങൾ വിഭാവനം ചെയ്യാൻ കഴിയാത്തവയായതിനാൽ ബാബയ്ക്ക് മാത്രമേ അതറിഞ്ഞുകൂട. ഇതിൽ തന്റെ അന്ത്യത്തിന്റെ സൂചന തനിക്കുപകരം താത്ത്യയുടെ പേരുപറഞ്ഞു ബാബ മുൻകൂട്ടി കൊടുത്തതായിരുന്നു.

അടുത്തദിവസം അതായത് ഒക്ടോബർ 16-ാംനു ബാബ പന്ധർപൂരിലുള്ള ദാസ്ഗനുവിന്റെ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് പറഞ്ഞു "മസ്ജിദ് പൊളിഞ്ഞുവീണു. ഷിർദ്ദിയിലുള്ള എണ്ണക്കച്ചവടക്കാരും മസാലപ്പീടികക്കാരും എന്നെ ഒരുപാട് ഉപദ്രവിച്ചു. അതുകൊണ്ട് ഞാൻ ഇവിടെവന്ന് വിവരമറിയിക്കുകയാണ്. ദയവുചെയ്ത് അവിടെക്ക് ഉടൻ പോയി എന്നെ ഭക്കൽപൂക്കളെ കൊണ്ട് ആവരണം ചെയ്യുക". ദാസ്ഗനുവിന് ഷിർദ്ദിയിൽ നിന്നുള്ള കത്തിൽനിന്ന് വിവരം കിട്ടി. ദാസ്ഗനു ഉടനെ ശിഷ്യന്മരോടുകൂടി ഷിർദ്ദിയിൽ വന്ന് ബാബയെ സമാധിയടക്കുന്നതു വരെ ഭഗവൽകീർത്തനങ്ങളും ഭജനകളും പാടിക്കൊണ്ടിരുന്നു. അയാൾ സ്വന്തം കൈകൊണ്ട് ഹരിനാമാങ്കിതമായ ഒരു പൂമാലയുണ്ടാക്കി. ബാബയുടെ സമാധിയിൽ ചാർത്തി. സ്വന്തം ചിലവിൽ ബാബയുടെ സ്മരണക്കായി പരക്കെ അന്നദാനവുംനടത്തി.

## ലക്ഷ്മിബായിക്ക് ധർമ്മം കൊടുക്കൽ

വിജയദശമി ദിവസം ഹിന്ദുക്കൾക്ക് ഏറ്റവും മംഗളകരമായ ദിവസമാണ്. അത്തരം ഒരു ദിവസം ബാബ തന്റെ സീമാലംഘനത്തിന് തിരഞ്ഞെടുത്തത് അനുയോജ്യമായി. കുറച്ചുദിവസം മുമ്പു മുതൽക്കെ സുഖമില്ലാതെ കിടപ്പിലായെങ്കിലും

ആന്തരികമായി ബാബ എല്ലായ്പ്പോഴും ബോധവാനായിരുന്നു. അന്ത്യനിമിഷത്തിന് അല്പംമുമ്പ് ബാബ ആരുടെയും സഹായം കൂടാതെ എഴുന്നേറ്റിരുന്ന് വളരെ സുഖപ്പെട്ടപോലെ പെരുമാറി. ജനങ്ങൾ അപകടസ്ഥിതി കഴിഞ്ഞെന്നും ബാബ സുഖപ്പെട്ടുവരുന്നെന്നും കരുതി. ബാബയ്ക്ക് താൻ അന്ത്യശ്വാസം വലിക്കാൻ പോകുന്നുവെന്നറിയാമായിരുന്നതിനാൽ ലക്ഷ്മീബായീ ഷിൻഡ്രേക്ക് കുറച്ച് ധർമ്മം കൊടുക്കാൻ നിശ്ചയിച്ചതായിരുന്നു.

**ബാബ എല്ലാ ജീവജാലങ്ങളിലും കുടികൊള്ളുന്നു.**

ഈ ലക്ഷ്മീബായി ഷിൻഡെ സൽസ്വഭാവിയും സാമാന്യം ധനസ്ഥിതിയുള്ളവരുമായിരുന്നു. അവർ രാവും പകലും മസ്ജിദ്ദിൽ പണിയെടുക്കും. രാത്രി കാലങ്ങളിൽ ഭഗത്മാലസപതി, താത്ത്യാ, ലക്ഷ്മീബായി ഇവരൊഴികെ ആരെയും മസ്ജിദ്ദിൽ പ്രവേശിക്കാനുവദിച്ചിരുന്നില്ല. ഒരിക്കൽ ബാബയും താത്ത്യയും കൂടി മസ്ജിദ്ദിലിരിക്കുമ്പോൾ ലക്ഷ്മീബായി വന്നു ബാബയെ വണങ്ങി. ബാബ അവരോട് "ഓ ലക്ഷ്മീ! എനിക്കു വല്ലാതെ വിശക്കുന്നു" എന്നുപറഞ്ഞു. അവർ ഉടനെ "ബാബ, ഒരു നിമിഷത്തിനുള്ളിൽ ഞാൻ ഭക്ഷണംകൊണ്ടുവരാം" എന്നുപറഞ്ഞു ഓടിപ്പോയി. അവർ റൊട്ടിയും പച്ചക്കറിയുംകൊണ്ടുവന്ന് ബാബയുടെ മുന്നിൽ വെച്ചു. ബാബ അതെടുത്ത് ഒരു നായക്ക് കൊടുത്തു. അപ്പോൾ "ഇതെന്താണ് ബാബ ! എന്നെ വെറുതെ ബുദ്ധിമുട്ടിച്ചത് ? ഞാൻ ഓടിപ്പോയി എന്റെ സ്വന്തം കൈകൊണ്ട് ഭക്ഷണം തയ്യാറാക്കികൊണ്ടുവന്നത് അവിടുന്ന് തൊടുകപോലും ചെയ്യാതെ നായക്ക് കൊടുത്തു" എന്ന് പറഞ്ഞു. ബാബ അതിന് "നീ എന്തിന് വെറുതെ വ്യസനിക്കുന്നു? നായയുടെ വിശപ്പുമാറ്റൽ എന്റെ വിശപ്പുമാറ്റൽതന്നെയാണ്. നായക്ക് ഒരാത്മാവുണ്ട്. ജീവി വ്യത്യസ്തനായിരുന്നോട്ടെ. പക്ഷെ

എല്ലാവരുടെയും വിശപ്പ് ഒരുപോലെയാണ്. ചിലവ അത് പറയും, ചിലവ മൂകജീവികളാണ്. ഒരു കാര്യം മനസ്സിലാക്കൂ. ആരാണ് വിശക്കുന്ന ജീവികൾക്ക് ഭക്ഷണം കൊടുക്കുന്നത്, അവർ എന്നെയാണ് ഊട്ടുന്നത്. ഇത് ഒരു വിശ്വസത്യമായി കരുതിക്കോളൂ' എന്നാണ് മറുപടി പറഞ്ഞത്. ഇതൊരു നിസ്സാരസംഭവമാണെങ്കിലും ബാബ അതുകൊണ്ട് ഒരു മഹത്തായ ആദ്ധ്യാത്മിക സത്യമാണ് പ്രചരിപ്പിച്ചത്. ആ സത്യത്തെ എങ്ങനെയാണ് മറ്റൊരാളെ വേദനിപ്പിക്കാതെ പ്രായോഗികമാക്കുക എന്ന് ബാബ കാണിച്ചു തന്നു. അന്നുമുതൽ നിത്യവും ലക്ഷ്മീബായി സ്നേഹഭക്തികളോടെ ബാബയ്ക്ക് പാലും റൊട്ടിയും കെടുക്കാൻ തുടങ്ങി. ബാബ അത് ആസ്വാദനത്തോടെ സ്വീകരിച്ച് ഭക്ഷിക്കുമായിരുന്നു. അതിൽ നിന്ന് കുറച്ച് ബാബ എടുത്ത് ബാക്കി ലക്ഷ്മീബായിയുടെ കൈയ്യിൽതന്നെ കൊടുത്ത് രാധാകൃഷ്ണമായിക്ക് എത്തിച്ചുകൊടുക്കുമായിരുന്നു. അവർ ബാബയുടെ ഉച്ചിഷ്ടം പ്രസാദമെന്ന നിലക്ക് സ്വീകരിച്ച് ആസ്വദിക്കുകയും ചെയ്യും. ഈ ഭക്ഷണത്തന്റെ കഥ ഒരു വ്യതിയാനമായിക്കരുതരുത്. ഇത് ഏത് പ്രകാരം സായിബാബ എല്ലാ ജിവജാലങ്ങലിലും കുടികൊള്ളുന്നുവെന്നും അവയെ എങ്ങനെ പുരോഗമിപ്പിച്ചുവെന്നും തെളിയിക്കുന്നു. സായിബാബ സർവ്വവ്യാപിയും ജനനമരണങ്ങളില്ലാത്ത അമരനുമാണ്.

ബാബ, ലക്ഷ്മീബായിയുടെ സേവനങ്ങളെ സ്മരിച്ചു. ബാബയ്ക്ക് എങ്ങനെ അവരെ വിസ്മരിക്കാനാവും? ദേഹവിയോഗത്തിനല്പം മുമ്പ് ബാബ തന്റെ പോക്കറ്റിൽ കയ്യിട്ട് ആദ്യം 5 ക. എടുത്ത് അവർക്കുകൊടുത്തു. വീണ്ടും 4 ക. കൂടി എടുത്തുകൊടുത്തു. ഒട്ടാകെ ഒമ്പത്. 9 എന്ന അക്കം നവവിധ ഭക്തിയെ സൂചിപ്പിക്കുന്നു എന്ന് 21-ാം അദ്ധ്യായത്തിൽ പറഞ്ഞി

ട്ടുണ്ട്. അത് സീമാലംഘനസമയത്ത് കൊടുത്ത ദക്ഷിണയായി രിക്കാം ലക്ഷ്മീബായി കഴിഞ്ഞുകൂടുവാനുള്ള വകയുള്ളവരാ യിരുന്നതിനാൽ പണത്തിന് ക്ഷാമമുണ്ടായിരുന്നില്ല. അതു കൊണ്ട് ബാബ അവർക്ക് ഭാഗവതം ഏകാദശസ്കന്ധം പത്താം അദ്ധ്യായത്തിലെ 6-ാം ശ്ലോകത്തിൽ പറഞ്ഞ ശരിയായ ശിഷ്യന്റെ ഒമ്പതു ഗുണങ്ങളെ ഓർമ്മിപ്പിച്ചതായിരിക്കാം. അതിൽ ആദ്യം അഞ്ചും പിന്നീട് നാലും ഗുണങ്ങളാണ് ആദ്യത്തെ രണ്ടുവരിക ളിൽ പറയുന്നത്. ("അമാന്യമത്സരോദക്ഷോ നിർമ്മമോ ദൃഢ സൗഹൃദഃഅസത്വരോർത്ഥ ജിജ്ഞാസുരമസൂയുരമോഘവാക്ക്") ബാബ ആ ചിട്ടയിൽ തന്നെ ആദ്യം 5 ക. യും പിന്നീട് 4 ക. യും കൂടി ഒട്ടാകെ 9 ക.യാണ് കൊടുത്തത്. ഒമ്പതല്ല, ഒമ്പതുറുപ്പിക യുടെ എത്രയോ ഗുണിതങ്ങൾ അവരുടെ കയ്യിൽ വന്നു വെങ്കിലും ഈ ഒമ്പതുറുപ്പിക എന്നും ലക്ഷ്മീബായി ഓർമ്മ വെയ്ക്കും. (ഇപ്പോഴും ഇവയിൽ ഏഴെണ്ണം ആ വീട്ടിൽ ചില്ലിട്ട് സൂക്ഷിച്ചിട്ടുണ്ട്. വിക്ടോറിയാ റാണിയുടെ തലയുള്ള നാണ്യ ങ്ങളാണ്).

വളരെ ശ്രദ്ധാലുവും ബോധവാനുമായിരുന്നതിനാൽ ബാബ അന്ത്യ നിമിഷത്തിൽ മറ്റു ചില മുൻകരുതലുകളും കൂടി എടുത്തു. ഭക്തന്മാരോടുള്ള സ്നേഹംകൊണ്ട് തനിക്ക് ഒരു വിഷ മവും തോന്നരുതെന്ന് കരുതി അവരെ എല്ലാവരെയും പറഞ്ഞ യച്ചു. കാക്കാ സാഹെബ് ദീക്ഷിത്, ബാപ്പുസാഹെബ് ഭൂട്ടി മുത ലായവരെല്ലാം ഉൽക്കണ്ഠയോടുകൂടി ബാബയ്ക്കെന്തുസംഭവി ക്കുമെന്നറിയാതെ മസ്ജിദ്ദിൽ കാത്തിരിക്കുകയായിരുന്നു. ബാബ അവരോടെല്ലാം വാഡയിൽപോയി ഭക്ഷണം കഴിച്ച് വരാൻ പറഞ്ഞ് അവിടെനിന്നയച്ചു. അവർക്ക് ബാബയുടെ മുന്നിൽ നിന്ന് പോവാനും വയ്യ ബാബയുടെ കല്പന അനുസരിക്കാതി രിക്കാനും വയ്യെന്നായി. എന്നിട്ട് വിഷാദമനസ്കരായി മടിച്ചുമ

ടിച്ചു അവർ വാഡയിലേക്കുപോയി. അവർക്ക് ബാബയുടെ കാര്യം ഗൗരവാവഹമാണെന്ന് അറിയാമായിരുന്നു. അവർ ഭക്ഷണത്തിനിരുന്നെങ്കിലും മനസ്സ് ബാബയുടെ അടുക്കലായിരുന്നു. ഭക്ഷണം കഴിയ്ക്കുന്നതിന് മുമ്പുതന്നെ ബാബ ദേഹത്യാഗം ചെയ്ത വിവരം അവർക്കു കിട്ടി. ഭക്ഷണം അവിടെയിട്ട് അവർ മസ്ജിദ്ദിലോക്കോടിചെന്നപ്പോൾ ബാബ ബയ്യാജിയുടെ മടിയിൽ അന്ത്യവിശ്രമംകൊള്ളുന്നതാണ് കണ്ടത്. ബാബ നിലത്തുവീഴുകയോ കിടക്കയിൽ കിടക്കുകയോ ചെയ്തില്ല. ബാബ സ്വന്തം ഇരിപ്പിടത്തിലിരുന്ന് കൈകൊണ്ട് ധർമ്മം കൊടുത്തുകൊണ്ടാണ് ദേഹവിയോഗം ചെയ്തത്. ഋഷിമാർ അവതരിച്ച് ലോകത്തിൽ വരുന്നത് നിശ്ചിതമായ പ്രവർത്തനങ്ങൾക്കാണ്. അത് പൂർത്തിയായിക്കഴിഞ്ഞാൽ അവർ വന്നപോലെ ശാന്തമായും അനായാസമായും കടന്നുപോവുന്നു.

ശ്രീ സായിയെ നമിക്കുവിൻ - ലോകശാന്തി ഭവിക്കട്ടെ !